ഇന്ത്യയിൽ കാണുന്ന സാധാരണ പാമ്പുകളെക്കുറിച്ചൊരു പഠനസഹായി. പാമ്പുകളെക്കുറിച്ച് കൂടുതലറിയാൻ വായനക്കാരെ പ്രേരിപ്പിക്കുകയാണ് ഈ പുസ്തകത്തിന്റെ ഉദ്ദേശം. വിഷമുള്ളതും അല്ലാത്തതുമായ മുപ്പതുതരം പാമ്പുകളെക്കുറിച്ച് വിവരിച്ചിരിക്കുന്നു. എളുപ്പം മനസ്സിലാകാൻ വേണ്ടി ഓരോന്നിന്റെയും ചിത്രങ്ങളും നല്കിയിടിടിട്ടുണ്ട്. ഓരോ പാമ്പിന്റെയും രൂപം, വലിപ്പം, ഭക്ഷണം, പാർപ്പിടം ഇവയൊക്കെ വിവരിക്കുന്നു. അവസാന അധ്യായം ഇന്ത്യയിലെ പാമ്പുകളെക്കുറിച്ചുള്ള പൊതുവിവരങ്ങളാണ്. പാമ്പുകടിയുടെ ശാസ്ത്രം, അതെങ്ങനെ കൈകാര്യം ചെയ്യണം എന്നിവ വസ്തുതകളുടെ സഹായത്തോടെ വിവരിക്കുന്നു.

**റോമുലസ് വിറ്റക്കർ** മദ്രാസ് സ്നേക് പാർകിന്റെ ഡയറക്ടർ ആയിരുന്നു. ഇന്ത്യൻ പാമ്പുകളിൽ ഒരു വിദഗ്ദ്ധനായ അദ്ദേഹമാണ് 1969 ൽ മദ്രാസ് സ്നേക് ഗാർഡൻ ആരംഭിച്ചത്. 1974ൽ അദ്ദേഹം തന്നെ ആരംഭിച്ച മദ്രാസ് ക്രൊക്കൊഡൈൽ ബാങ്ക് ട്രസ്റ്റിന്റെ ഹോണററി ഡയറക്ടറാണദ്ദേഹം. Dangerous Snakes of India, Endangered Reptiles of India എന്നീ കൃതികളും അദ്ദേഹത്തിന്റേതാണ്. നമ്മുടെ ചുറ്റുവട്ടത്തെ പാമ്പുകൾ, കടലാമകളുടെയും മുതലകളുടെയും ലോകം, Lizards എന്നിവ അദ്ദേഹമെഴുതി കുട്ടികൾക്കായി എൻബിടി പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങളാണ്.

Common Indian Snakes *(Malayalam)*

₹ 130.00
ISBN 812373248-1
17181117

nbt.india
एक सूत्र सकलम्
**നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ**

ഇന്ത്യയിലെ സാധാരണ പാമ്പുകൾ
റോമുലസ് വിറ്റക്കർ



# ഇന്ത്യയിലെ സാധാരണ പാമ്പുകൾ

റോമുലസ് വിറ്റക്കർ

തർജമ
കെ ബി ജനാർദനൻ

LIBRARY
2410

28

LIBRARY
2410

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2410 Call No.

This book should be returned on or before the date last given below.

ഇന്ത്യ–നാടും ജനങ്ങളും

# ഇന്ത്യയിലെ സാധാരണ പാമ്പുകൾ

**റോമുലസ് വിറ്റക്കർ**

*തർജമ*

**കെ. ബി. ജനാർദനൻ**

nbt.india
एक: सूते सकलम्

**നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ**

പകർപ്പവകാശം സുരക്ഷിതം. ഈ പുസ്തകത്തിന്റെ ഏതെങ്കിലും ഭാഗം ഉദ്ധരിക്കുന്നതിനോ, കമ്പ്യൂട്ടറിൽ ശേഖരിക്കുന്നതിനോ, ഫോട്ടോകോപ്പി ചെയ്യുന്നതിനോ, റിക്കോഡിംഗോ മറ്റേതെങ്കിലും വിധത്തിൽ സൂക്ഷിക്കുന്നതിനോ മാക്മിലൻ ഇന്ത്യയുടെ മുൻകൂർ അനുമതി ആവശ്യമാണ്.

മുഖചിത്രം: ഗ്രന്ഥകർത്താവ്.

ISBN 978-81-237-3248-0

അഞ്ചാം പതിപ്പ് 2018 (ശക 1939)
ഒന്നാം പതിപ്പ് 2000
© റോമുലസ് വിറ്റക്കർ, 1978
വിവർത്തനം © നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ
₹ 130.00

Common Indian Snakes (English Original)
*Indiayile Sadharana Pampukal* (Malayalam Translation)
പ്രസാധനം: ഡയറക്ടർ, നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ
നെഹ്രു ഭവൻ, 5 ഇൻസ്റ്റിറ്റ്യൂഷണൽ ഏരിയ, ഫേസ് II
വസന്ത് കുഞ്ജ്, ന്യൂ ഡെൽഹി 110070.
Website: www.nbtindia.gov.in

എന്റെ സുഹൃത്ത്

നടേശന്...

അദ്ദേഹത്തിന്റെ ഫലിതവും

വനത്തെക്കുറിച്ചുള്ള അറിവും

സ്മരിച്ചുകൊണ്ട്...

"...അസംഖ്യങ്ങളായ അത്തരം ഇഴജന്തുക്കൾ ഹേതുവായുണ്ടാകുന്ന ഭീതി, എല്ലാത്തിനും വിഷമുണ്ട് എന്ന വിവേചനരഹിതമായ ധാരണകൊണ്ട് വേഗം തന്നെ മൂർധന്യത്തിലെത്തുന്നു. അതുകൊണ്ട് നിരുപദ്രവകാരികളായവയിൽ നിന്ന് (അവയാണ് എണ്ണത്തിലധികം) ശരിക്കും വിഷമുള്ളവയെ തിരിച്ചറിയുക എന്നത് അവയുടെ വിഷത്തിന് ഒരു പ്രതിവിധി കണ്ടെത്തുക, എന്നതു കഴിഞ്ഞാൽ ഏറ്റവും പ്രാധാന്യമുള്ള ഒരു കാര്യമായിത്തീരുന്നു."

പാട്രിക് റസ്സൽ

*കോറമണ്ഡൽ തീരത്തുനിന്ന് ശേഖരിച്ച*

*പാമ്പുകളെക്കുറിച്ച് ഒരു വിവരണം, 1976*

# ഉള്ളടക്കം


| | |
|---|---|
| *ചിത്രങ്ങളുടെ പട്ടിക* | ix |
| *മുഖവുര* | xi |
| *ആമുഖം* | xiii |
| 1. വിഷമില്ലാത്ത പാമ്പുകൾ | 1-56 |
| 2. വിഷപ്പാമ്പുകൾ | 57-89 |
| 3. പാമ്പുകളെക്കുറിച്ച് പൊതുവായ ചില കാര്യങ്ങൾ | 90 |
| ഇന്ദ്രിയങ്ങൾ | 91 |
| ആഹാര രീതി | 95 |
| ഇണചേരൽ, ജനനം, വളർച്ച | 97 |
| സഞ്ചാരം | 102 |
| ശത്രുക്കളും പ്രതിരോധവും | 104 |
| പാമ്പുപിടിത്തക്കാർ | 105 |
| പാമ്പു സംരക്ഷണം | 108 |
| സമീപകാല വന്യജീവി കയറ്റുമതി നിയമങ്ങൾ | 111 |
| പാമ്പുശേഖരണവും പഠനവും | 112 |
| കെട്ടുകഥകളും വിശ്വാസങ്ങളും | 116 |
| 4. പാമ്പുകടിച്ചാൽ | 119 |
| പ്രഥമശുശ്രൂഷ | 120 |
| ലക്ഷണങ്ങൾ | 120 |
| പ്രതിവിഷസിറം | 125 |
| നാടൻ ചികിത്സകൾ | 126 |
| പാമ്പുകടിയുടെ കണക്കുകൾ | 128 |
| 5. ഇന്ത്യയിലെ പാമ്പുകളുടെ പട്ടിക | 133 |
| 6. പാമ്പുകളുടെ നാട്ടുഭാഷാനാമങ്ങൾ | 164 |
| 7. മഴപെയ്യുന്നതിന്റെ പട്ടിക | 167 |
| 8. പാമ്പിനെ തിരിച്ചറിയൽ | 170 |
| *ഗ്രന്ഥസൂചി* | 182 |
| *സൂചിക* | 186 |

# ചിത്രങ്ങളുടെ പട്ടിക


| | പേജ് |
|---|---|
| കുരുടിപ്പാമ്പ് | 2 |
| കവചവാലൻ പാമ്പ് | 6 |
| മലമ്പാമ്പ് | 9 |
| മണ്ണൂലിപ്പാമ്പ് | 12 |
| ഇരട്ടത്തലയൻ | 15 |
| വെള്ളിവരയൻ | 17 |
| വരയൻ ചുരുട്ട | 20 |
| തെയ്യാൻ പാമ്പ് | 23 |
| പച്ചനാഗം | 25 |
| നീർക്കോലി | 27 |
| പച്ചനീർമണ്ഡലി | 30 |
| കാട്ടുപാമ്പ് | 33 |
| ചേര | 35 |
| ബാൻഡഡ് റെയ്സർ | 39 |
| റോയൽ പാമ്പ് | 41 |
| മരംകയറിപ്പാമ്പ് | 43 |
| നാഗത്താൻ പാമ്പ് | 46 |
| പച്ചോലപ്പാമ്പ് | 49 |
| പൂച്ചക്കണ്ണൻ പാമ്പ് | 52 |
| ആറ്റുവായ് പാമ്പ് | 54 |
| ശംഖുവരയൻ | 58 |
| മഞ്ഞവരയൻ | 62 |
| എഴുത്താണി മൂർഖൻ | 64 |
| പുല്ലാനിമൂർഖൻ (ഇരട്ടക്കണ്ണടയുള്ളത്) | 67 |
| പുല്ലാനിമൂർഖൻ (ഒറ്റക്കണ്ണടയുള്ളത്) | 71 |
| രാജവെമ്പാല (കരിനാടൻ) | 73 |
| വലകടിയൻ പാമ്പ് | 77 |
| ചേനത്തണ്ടൻ (അണലി) | 80 |

ചുരുട്ടമണ്ഡലി 83
മുളമണ്ഡലി 87
മദ്രാസ് സ്നേക്ക് പാർക്കിൽ മൂർഖന്റെ വിഷം ശേഖരിക്കുന്നു. 90
ശല്ക്കങ്ങളുടെ ക്രമീകരണം 92-93
നാവും ജേക്കബ്സൺ അവയവവും 94
പെരുമ്പാമ്പിൻകുഞ്ഞ് ഇരയെ വിഴുങ്ങുന്നു. 96
കരിനാടൻ ചേരയെ വിഴുങ്ങാനൊരുങ്ങുന്നു. 96
നീർക്കോലി മുട്ടയിടുന്നു; പാമ്പ് പടം പൊഴിക്കുന്നു. 98
പുതുക്കോട്ട പേരയൂർ ക്ഷേത്രത്തിലെ സർപ്പശിലകൾ 109
തുകൽ വ്യവസായത്തിനുവേണ്ടിയുള്ള പാമ്പുഹത്യ 109
വിഷപ്പാമ്പിനെ സഞ്ചിയിലാക്കുന്ന രീതി. 113
വിഷമില്ലാത്ത പാമ്പിനെ കൈകാര്യം ചെയ്യുന്നു. 113
മുറിവായക്കു മുകളിൽ തുണികൊണ്ടുള്ള മുറുക്കിക്കെട്ട് 119
മൂർഖന്റെ വായിലെ ഉറപ്പിച്ച ചെറിയ വിഷപ്പല്ല് 121
മൂർഖന്റെ കടിയേറ്റതിനെത്തുടർന്നുള്ള വീക്കം 121
ചേനത്തണ്ടന്റെ മടക്കിവെക്കാവുന്ന പൊള്ളയായ നീണ്ട വിഷപ്പല്ല് 123
ഹാഫ്കിൻ പ്രതിവിഷസിറം 123
കുഴിമണ്ഡലിയുടെ 'കുഴി' 170
തുരന്നു പോകുന്ന പാമ്പിന്റെ ചെറിയ ഉദരശല്ക്കങ്ങൾ 171
മണ്ണിലും മരത്തിലും ശുദ്ധജലത്തിലുമുള്ള എല്ലാ പാമ്പുകൾക്കുമുള്ള വീതിയുള്ള ഉദരശല്ക്കങ്ങൾ 171
മണ്ണിലും മരത്തിലും ശുദ്ധജലത്തിലുമുള്ള എല്ലാ പാമ്പുകൾക്കുമുള്ള അഗ്രം കൂർത്തുവരുന്ന വാല് 171
ചേരയുടെ മിനുസമുള്ള തിളങ്ങുന്ന ശല്ക്കങ്ങൾ 171
തുരന്നു പോകുന്ന പാമ്പായ മണ്ണൂലിയുടെ കുറിയതും അറ്റം ഉരുണ്ടിട്ടുള്ളതുമായ വാല് 172
ആറ്റുവായ് പാമ്പിന്റെ കറുത്ത് പരുക്കനായ ചെതുമ്പലുകൾ 172
കടൽപ്പാമ്പിന്റെ വാല് 172
കടൽപ്പാമ്പിന്റെ കീഴ്ഭാഗത്തെ ചെതുമ്പലുകൾ 172

*കളർചിത്രങ്ങൾ*

ഒറ്റക്കണ്ണടയുള്ള മൂർഖൻ — ഫോട്ടോ : റോമുലസ് വിറ്റക്കർ
മുട്ട വിരിഞ്ഞ് കുഞ്ഞുങ്ങൾ പുറത്തുവരുന്നു. — ഫോട്ടോ : റോമുലസ് വിറ്റക്കർ
മൂർഖൻ — ഫോട്ടോ : ഡോ. ഐ. ദാസ്
ഇരട്ടക്കണ്ണടയുള്ള മൂർഖൻ — ഫോട്ടോ : റോമുലസ് വിറ്റക്കർ
സ്വയം അലങ്കരിച്ച സർപ്പം — ഫോട്ടോ : ഡോ. ഐ. ദാസ്

# മുഖവുര

പാമ്പുകൾ സ്വതവേ മനം കവരുന്നവയും ജൈവലോകത്തിന്റെ പ്രധാനഭാഗമായിത്തീർന്നിട്ടുള്ളവയുമാണ്. കൗതുകമുണർത്തുന്ന കുതിപ്പും, വിഷവും, ഞെരിക്കുവാനുള്ള യാന്ത്രികസിദ്ധിയും അവയെ ഇരപിടിക്കുന്ന ജന്തുക്കളിൽ പ്രധാനപ്പെട്ട ഒരു വിഭാഗമാക്കി മാറ്റിയിട്ടുണ്ട് എന്നത് തികച്ചും സ്വാഭാവികം. ഇന്ത്യയിലെ വനങ്ങളിലും മരുഭൂമികളിലും സമതലങ്ങളിലും മലമ്പ്രദേശങ്ങളിലും എല്ലാം ഇവയുടെ സാന്നിധ്യം പ്രകൃതിയുടെ സന്തുലനം നിലനിർത്തുന്നു. അധിവസിക്കുന്നയിടങ്ങളിലെല്ലാം പെരുകി ഉപദ്രവകാരികളായി മാറുന്ന പുഴുക്കൾ, പ്രാണികൾ, തവളകൾ, പക്ഷികൾ, എലികൾ, ചുണ്ടെലികൾ എന്നിവയ്ക്ക്, ചായത്തോട്ടങ്ങളും നെൽവയലുകളും, ഗ്രാമീണകുടിലുകളും, നഗരഗുദാമുകളും പുതിയ അവസരമൊരുക്കുമ്പോൾ മാനവ പുരോഗതിയിൽ പാമ്പുകളുടെ പ്രാധാന്യം ഏറിയിട്ടേയുള്ളൂ.

ഭക്ഷ്യലഭ്യതയിലുണ്ടാവുന്ന വർധനവും വ്യതിയാനവും പാമ്പുകളുടെ എണ്ണത്തിലും തരാതരങ്ങളിലും വളരെയേറെ മാറ്റം വരുത്തുന്നതായി കാണാറുണ്ട്. ഇത് മിക്കപ്പോഴും അഭികാമ്യവുമാണ്. എന്തുകൊണ്ടെന്നാൽ പാമ്പുകളുടെ എണ്ണം വർധിച്ചാൽ ഇവ ക്ഷുദ്രജീവികളെ നിയന്ത്രിക്കാൻ തുടങ്ങുകയും അങ്ങനെ ഭക്ഷ്യവിഭവങ്ങളെ പരിരക്ഷിക്കുകയും ചെയ്യും. എന്നാൽ ചില പാമ്പുകൾ വിഷമുള്ളവയാണ്. വിഷമില്ലാത്തവയെപ്പോലും എല്ലാവരും ഭയഭക്തിബഹുമാനത്തോടെയാണ് നോക്കുക. ആ കാരണം കൊണ്ടുതന്നെ, ഓരോ സ്ഥലത്തും ഏതെല്ലാം തരം പാമ്പുണ്ട് എന്നതിനെക്കുറിച്ച് വളരെ കുറച്ച് അറിവേ നമുക്കുള്ളൂ. അതുപോലെ, കൃഷി വർധിക്കുന്നതും രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കുന്നതും നിമിത്തം പാമ്പുകളുടെ എണ്ണത്തിലുണ്ടാകുന്ന യഥാർഥ വ്യതിയാനം എന്ത് എന്നും നമുക്കറിയില്ല. ഇതിനും പുറമെ, പ്രകൃതിയിൽ തങ്ങളുടെ ആവാസകേന്ദ്രങ്ങളുടെ സർവനാശത്തെ അതിജീവിക്കുവാൻ